**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7206** **03.11.2011-ൽ മറുപടിക്ക്**

**ഇട്ടി അച്ചുതൻ സ്മാരകത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. തിലോത്തമൻ** | **ശ്രീ. കെ.സി. ജോസഫ്**<br>**(ബഹു:** ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക **കാര്യവും വകുപ്പ് മന്ത്രി)** |
| (എ) ചേർത്തല താലൂക്കിൽ കടക്കരപ്പള്ളിയിലുള്ള ഇട്ടി അച്ചുതൻ സ്മാരകത്തിന് സ്ഥലം പൊന്നും വിലയ്ക്ക് ഏറ്റെടുക്കാനുള്ള നടപടി ഏതുവരെയായി എന്ന് വ്യക്തമാക്കാമോ; സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി തുക അനുവദിച്ചിട്ടുണ്ടോ; | (എ) പ്രസ്തുത സ്ഥലം പൊന്നും വിലയ്ക്കെടുക്കാതെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികളാണ് എടുത്തിട്ടുള്ളത്. തുകയൊന്നും അനുവദിച്ചിട്ടില്ല. |
| (ബി) ഇട്ടി അച്ചുതൻ വൈദ്യരുടെ അന്ത്യവിശ്രമ സ്ഥലവും ഔഷധ സസ്യക്കാവും സംരക്ഷിത സ്മാരകമാക്കുന്ന നടപടി എന്ന് പൂർത്തീകരിക്കുമെന്ന് പറയാമോ; | (ബി) ഇട്ടി അച്ചുതൻ വൈദ്യരുടെ അന്ത്യവിശ്രമ സ്ഥലവും ഔഷധ സസ്യക്കാവും സംരക്ഷിത സ്മാരകമാക്കുന്നതിലേക്കുള്ള പ്രാഥമിക വിജ്ഞാപനത്തിന്റെ കരടിലെ പിശകുകൾ തിരുത്തി നൽകുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമായാൽ ഉടൻ തന്നെ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) സ്മാരക നിർമ്മാണത്തിനായി ഹോർത്തൂസ് മലബാറിക്കസ് ട്രസ്റ്റ് ഇതു സംബന്ധിച്ച് ഒരു വിശദമായ പ്രോജക്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ ; | (സി) ഉണ്ട്. |
| (ഡി) പ്രസ്തുത പ്രോജക്ട് പ്രകാരം പദ്ധതിക്ക് എത്ര ചെലവാണ് പ്രതീക്ഷിക്കുന്നത് ; ഇതിനുവേണ്ടി സംസ്ഥാന സർക്കാർ എന്തെങ്കിലും തുക അനുവദിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ ; | (ഡി) പ്രസ്തുത പ്രോജക്ടിന് 2 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. സംസ്ഥാന സർക്കാർ തുകയൊന്നും അനുവദിച്ചിട്ടില്ല. |

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച തുക എത്രയാണെന്നു പറയാമോ ; പ്രസ്തുത സ്മാരകം പൂർത്തീകരിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ള മുഴുവൻ തുകയും അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുകയൊന്നും അനുവദിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ.